എന്തുകൊണ്ട് അതും സംഭവിച്ചുകൂടാ? വേണമെങ്കിൽ തനിക്ക് ഇനിയും ഒരു പത്തുമുപ്പതു വർഷംകൂടെ ജീവിച്ചിരിക്കാവുന്നതേയുള്ളൂ എന്ന് മി. കൃഷ്ണൻ വിചാരിച്ചു. അറുപതു വയസ്സ് ആവുമ്പോഴേക്ക് മിക്ക പകർച്ച വ്യാധികൾക്കും എതിരെയുള്ള പ്രതിരോധശക്തി ഓരോ മനുഷ്യനും ആർജിച്ചു കഴിഞ്ഞിരിക്കും. അതിനാൽ, ഏതെങ്കിലും പകർച്ചവ്യാധി ബാധിച്ചു താൻ മരിക്കേണ്ടതില്ല. ക്യാൻസർ, ഹൃദ്രോഗം, വാതം, മൂത്രാശയരോഗങ്ങൾ—അങ്ങനെ പലതും വന്നുകൂടായ്കയില്ല. അല്ലെങ്കിൽ, വഴിയിലൂടെ നടന്നുപോവുമ്പോൾ ഏതെങ്കിലും വാഹനം വന്ന് ഇടിച്ചു മരിക്കാം. ഇനി ഒരു യുദ്ധം ഉണ്ടാവുകയാണെങ്കിൽ, അതിൽ അണുബോംബ് പ്രയോഗിക്കപ്പെട്ടാൽ, അങ്ങനെയും തനിക്കു മരണം സംഭവിച്ചുകൂടായ്കയില്ല. അല്ലെങ്കിൽ, നഗരത്തിൽ നടക്കുന്ന ഇനിയത്തെ ലഹളയിൽ, താനറിയാത്ത, തന്നെ അറിയാത്ത, ഘാതകൻെറ കഠാരി പുറത്തു കയറി രക്തം വാർന്നും തൻെറ ഇഹലോകലീല അവസാനിക്കാം. ഓ, മരിക്കാൻ എന്തെല്ലാം സാധ്യതകൾ! എന്നാലും ഇവയിലൊന്നും സംഭവിച്ചുകൊള്ളണമെന്നില്ല. അങ്ങനെ ദീർഘകാലം താൻ ജീവിച്ചിരുന്നാൽ ഒരു പക്ഷേ....

'അപ്പൂപ്പാ!' എന്ന വിളി കേട്ട് മി. കൃഷ്ണൻ തലയുയർത്തി നോക്കി. ആരുമില്ലല്ലോ! പക്ഷേ, വിളി താൻ കേട്ടതല്ലേ? ജനലിലൂടെ പുറത്തേക്കു നോക്കുമ്പോൾ, അതാ വീണ്ടും ആ വിളി: 'അപ്പൂപ്പാ!' ഇത്തവണ മനസ്സിലായി. മുറ്റത്തു നില്ക്കുന്ന ചെന്തെങ്ങിൻതൈയാണ് വിളിച്ചത്. കഷ്ടിച്ചു മൂന്നു വയസ്സേ അതിന് ആയിട്ടുള്ളൂ. ഇതിനകം മൂന്നോ നാലോ കലകൾ പൊട്ടിവിടർന്നു കഴിഞ്ഞിരിക്കുന്നു. കാണാൻ എന്തൊരു ചന്തം! പരമസുന്ദരിതന്നെ!

'അപ്പൂപ്പോ! ചെന്തെങ്ങിൻതൈ വീണ്ടും വിളിച്ചു.

'വരുന്നു മോളെ!' മി. കൃഷ്ണൻ മെല്ലെ എഴുന്നേററ് മുററത്തേക്കിറങ്ങി. നടുവിന് ഇരുന്നിരുന്ന് അല്പമൊരു കഴപ്പ് തോന്നുന്നുണ്ടോ? കണ്ണു മഞ്ഞളിക്കുന്നുണ്ടോ? തല ചുററുന്നുണ്ടോ?

തനിക്കു വയസ്സായോ?

(7 ഏപ്രിൽ, 1985)

# 61. ശകുന്തളാദേവി

'ഉമേശ് ഹഡിമണി' എന്ന കണക്കുവിദഗ്ധനായ ബാലനെപ്പററി ജൂൺ 17–ലെ 'കുമാരി'യിൽ ഇതേ പംക്തിയിൽ എഴുതിയിരുന്നുവല്ലോ. 'മനുഷ്യക്കമ്പ്യൂട്ടർ' എന്നു വിളിക്കപ്പെടുന്ന ശകുന്തളാദേവിയെപ്പററി ഇത്തവണ എഴുതാം.

ശകുന്തളയ്ക്ക് ഇപ്പോൾ 44 വയസ്സായി. ഓർമശക്തിക്കോ ഗണിത സാമർത്ഥ്യത്തിനോ ഇപ്പോഴും യാതൊരു കുറവുമില്ല. യൂറോപ്പിലും അമേരിക്കയിലും വിദൂര–പൗരസ്ത്യദേശത്തുമൊക്കെ ഇപ്പോഴും ഗണിതവൈദഗ്ധ്യ പ്രകടനങ്ങൾ നടത്തും. 23, 60, 29, 032 എന്നോ 1, 87, 90, 80, 940 എന്നോ മററോ, ഒമ്പതോ പത്തോ അക്കമുള്ള ഒരു സംഖ്യ പറഞ്ഞാൽ, ഉടൻ അതിൻെറ വർഗമൂലം നമുക്കു കണക്കുകൂട്ടിപ്പറഞ്ഞുതരും. '1623 സെപ്റ്റംബർ 7–ാം തീയതി' എന്നു പറഞ്ഞാൽ, അന്നത്തെ ആഴ്ച ഉടൻ പറയും. അതുപോലെ '1917 നവംബർ ആദ്യത്തെ ശനിയാഴ്ച' എന്നു നാം

പറഞ്ഞാൽ, അന്നത്തെ തീയതി പറയാനും പ്രയാസമില്ല. മിന്നൽവേഗത്തിലാണു കണക്കുകൂട്ടലുകൾ. പക്ഷേ, കണക്കൊഴികെ മററു കാര്യങ്ങളിൽ നമ്മെയൊക്കെപ്പോലെതന്നെ ശകുന്തളയും. വാക്കുകൾക്കും ആശയങ്ങൾക്കും വേണ്ടി തപ്പിത്തടയുന്നതു കാണാം.

ബാംഗളൂരിൽ ഒരു ദരിദ്രകുടുംബത്തിൽ, 1941 നവംബർ 4–ാം തീയതിയാണു് ശകുന്തള പിറന്നതു്. മകനുണ്ടാവാൻ ആഗ്രഹിച്ചിരുന്ന അമ്മയ്ക്കു് കടിഞ്ഞൂൽ പിറന്ന ഈ പെൺകുഞ്ഞിനെക്കൊണ്ടു മഹാവിരോധമായിരുന്നു. ശകുന്തളയുടെ അച്ഛനു പെരിയ ഒരു സർക്കസ്സുകമ്പനിയിൽ ആയിരുന്നു പണി—വലിച്ചുകെട്ടിയ കമ്പിയിലൂടെ നടക്കുക. 'മനുഷ്യ ഉണ്ട'യായി പീരങ്കിയിലൂടെ വെടിവെക്കപ്പെടുക മുതലായ ലൊട്ട–ലൊടുക്കുപണികൾ. പ്രായമേറുകയും സർക്കസ്സിലെ പണികൾക്കു പററാതാവുകയും ചെയ്തപ്പോൾ അദ്ദേഹം ഒരു പുരോഹിതനാവാൻ ശ്രമിച്ചു. അതിൽ പരാജയപ്പെട്ടപ്പോൾ ഒരു 'വിവാഹകാര്യാലയം' തുറന്നു. ഈ കാര്യാലയത്തിൽ 'കക്ഷി' ആയി വന്ന ഒരാളുടെ മകളെ വിവാഹം ചെയ്തതോടെ, അദ്ദേഹത്തിനു വിവാഹദല്ലാൾപ്പണിയും ഉപേക്ഷിക്കേണ്ടിവന്നു. അറുപത്തൊന്നാം വയസ്സിലാണു് അദ്ദേഹം ശകുന്തളയുടെ അമ്മയെ വിവാഹം ചെയ്തതു്. അന്നു പതിന്നാലു വയസ്സുമാത്രം പ്രായമായിരുന്ന ആ സ്ത്രീയ്ക്കു് ദാമ്പത്യജീവിതം ദുസ്സഹമായിത്തോന്നിയതിൽ ആശ്ചര്യമില്ല. എന്നിട്ടും അവർക്കു് എട്ടു കുട്ടികളുണ്ടായി.

'ക്രൗര്യവും വെറുപ്പും സ്വാർത്ഥതയും മുററിനിന്ന ഒരു സ്ത്രീയായിരുന്നു എന്റെ അമ്മ. അമ്മ വാതിലിനിടയിൽ എന്റെ കൈവിരലുകളും കാൽനഖങ്ങളും ഇറുക്കുകയും, ഇരുമ്പു പഴുപ്പിച്ചു് എന്റെ ശരീരത്തിൽ ചൂടുവെക്കുകയും, എന്റെ വയററിൽ ചവിട്ടുകയും, ഒക്കെ ചെയ്തുവന്നു. പെണ്ണായും, അമ്മയുടെ ദൃഷ്ടിയിൽ വിരൂപയായും പിറന്നതിനായിരുന്നു ഈ ശിക്ഷയൊക്കെ' എന്നു് ശകുന്തളാദേവി പറയുന്നു.

വിവാഹകാര്യാലയം പൂട്ടിയതിനെത്തുടർന്നു് ശകുന്തളയുടെ അച്ഛൻ നിത്യവൃത്തിക്കുള്ള വക നേടുന്നതിനുവേണ്ടി സ്കൂളുകളിൽച്ചെന്നു് മാജിക്കു പ്രദർശിപ്പിക്കാൻ തുടങ്ങി. അദ്ദേഹം ശകുന്തളയെ സഹായത്തിനു കൂട്ടി. അസാധാരണമായ ഓർമശക്തി അന്നേ ഉണ്ടായിരുന്നതിനാൽ, അച്ഛൻ വിതരണംചെയ്യുന്ന ചീട്ടുകളുടെ വിവരം കൃത്യമായി ഓർമിച്ചു വേണ്ടപ്പോൾ വേണ്ട സൂചന നൽകാൻ ആ കുട്ടിക്കു കഴിഞ്ഞിരുന്നു. കുട്ടിയുടെ സ്മരണശക്തിയുടെ പ്രകടനം ക്രമേണ മാജിക്കിന്റെ മുഖ്യഭാഗമായിത്തീർന്നു. മൂന്നു വയസ്സിൽത്തന്നെ ശകുന്തള എന്ന അത്ഭുതശിശു ഒരു പ്രദർശനവസ്തുവായി മാറി. ക്രമേണ അവൾക്കു് അച്ഛന്റെ സഹായമില്ലാതെതന്നെ പ്രകടനങ്ങൾ നടത്താൻ കഴിവു കൈവന്നു. ഏഴാം വയസ്സിൽ ശകുന്തള കുടുംബം പുലർത്താൻ വേണ്ട വക തനിയെ സമ്പാദിച്ചു തുടങ്ങി.

എന്നിട്ടും അമ്മ അവളെ ദ്രോഹിക്കുകയും ശകാരിക്കുകയുംചെയ്തു. അവളുടെ അനുജത്തിയും സുന്ദരിയുമായ 'ശാന്ത' ആയിരുന്നു അന്നൊക്കെ കുടുംബത്തിന്റെ ഓമന. ശാന്തയ്ക്കു് എന്തോ രോഗം വന്നപ്പോൾ അമ്മ അവളെയും വെറുത്തു. അതോടെ ശകുന്തള ശാന്തയെ സ്നേഹിക്കാൻ തുടങ്ങി. അവളുടെ ഊഷരമായ ഹൃദയത്തിൽ ആർദ്രത തളിരിട്ടതു് അങ്ങനെയാണു്.

ഇക്കാലത്തു് 'രാമു' എന്ന അനുജൻ പിറന്നു. അമ്മയുടെ വാത്സല്യപാത്രം രാമുവായിത്തീർന്നു. രാമുവിനു ഭക്ഷണം കൊടുത്തശേഷം അമ്മയും ഭക്ഷിക്കും. പിന്നെ അച്ഛനു ഭക്ഷണം കൊടുക്കും. ബാക്കി വല്ലതുമുണ്ടെങ്കിൽ അതു് ശകുന്തളയ്ക്കും ശാന്തയ്ക്കും കിട്ടും. അവഗണനയും നിന്ദയും സഹിച്ചു മടുത്ത ശകുന്തള ബാംഗളൂർ വിട്ടു കല്ക്കത്തയ്ക്കു വണ്ടികയറി. അവിടെ സ്കൂളുകളിലും മററു സ്ഥാപനങ്ങളിലും തന്റെ ഗണിതസാമർത്ഥ്യം

പ്രദർശിപ്പിച്ചുതുടങ്ങി. പ്രസിഡൻസി കോളേജിൽ ഒരു പ്രദർശനത്തിനു പതിനഞ്ചു രൂപ പ്രതിഫലം കിട്ടിയതു് ശകുന്തള ഇപ്പോഴും ഓർക്കുന്നുണ്ടു്. ഇക്കാലത്താണു് അവൾ ഇംഗ്ലീഷ് പഠിച്ചതു്. മാതൃഭാഷയായ കന്നഡം എഴുതാനും വായിക്കാനും പഠിച്ചതു് പിന്നെയും കുറേക്കഴിഞ്ഞാണു്. സ്കൂൾ വിദ്യാഭ്യാസം ശകുന്തള നേടിയിട്ടില്ല.

'സിന്ധ്യ സ്റ്റീം നാവിഗേഷൻ കമ്പനി'യുടെ റിക്രിയേഷൻ ക്ലബ്ബിൽ സാമർത്ഥ്യപ്രദർശനം നടത്താൻ, 14–ാം വയസ്സിൽ ശകുന്തള ബോംബെയ്ക്കു പോയി. ശ്രീ മൊറാർജിദേശായി അന്നു് ബോംബെ സംസ്ഥാനത്തിൽ ഒരു മന്ത്രിയായിരുന്നു. മിസ്സിസ് ദേശായിക്കു് ശകുന്തളയുടെ പ്രകടനം ഇഷ്ടപ്പെട്ടു. അവൾക്കു് ലണ്ടനിലേക്കു പോകാനുള്ള കപ്പൽക്കൂലി മിസ്സിസ് ദേശായി കൊടുത്തു. പാസ്പോർട്ട് കിട്ടാനുള്ള വിഷമം പരിഹരിച്ചുകൊടുത്തതു് മൊറാർജിദേശായി ആയിരുന്നു. 'നോക്കൂ കുട്ടി, നീ കളവു പറയരുതു്. പക്ഷേ, നല്ല ഒരു കാര്യത്തിനാണെങ്കിൽ കളവും പറയാം.' എന്നു് അവളെ ഉപദേശിച്ചു് അദ്ദേഹം പാസ്പോർട്ടിനുള്ള അപേക്ഷയിൽ അവളുടെ വയസ്സു് 19 ആക്കി തിരുത്തിക്കൊടുത്തു.

ലണ്ടനിൽ ഇന്ത്യയുടെ ഹൈക്കമ്മീഷണർ ആയിരുന്ന കൃഷ്ണമേനോനു് അവളുടെ വരവു് ഇഷ്ടപ്പെട്ടില്ല. ഹൈക്കമ്മീഷണറാഫീസ്സിൽ പ്രസ് അററാഷേ ആയിരുന്ന ഖുഷ്വന്തു് സിംഗ് ഇടപെട്ടില്ലായിരുന്നുവെങ്കിൽ കൃഷ്ണമേനോൻ ശകുന്തളയെ ഉടൻ ഇന്ത്യയിലേക്കു തിരിച്ചയച്ചേനേ.

ബ്രിട്ടനിൽനിന്നു് ശകുന്തള അമേരിക്കയിലേക്കു പോയി. ഇവിടെ രോഗം ബാധിച്ചു് ഒരു ആശുപത്രിയിൽ കിടക്കുമ്പോഴാണു് പ്രിയ സഹോദരി ശാന്ത മരിച്ചവിവരം അവൾ അറിഞ്ഞതു്. തനിക്കു് ഏററവും വലിയ ഒരാഘാതമായിരുന്നു ശാന്തയുടെ മരണമെന്നു് ശകുന്തള അനുസ്മരിക്കുന്നു. ആസ്പത്രിയിൽനിന്നു വിട്ടശേഷം, തെക്കെ അമേരിക്കയിലും മററും പര്യടനം നടത്തി ശകുന്തള ഇന്ത്യയിൽ മടങ്ങിയെത്തി.

ഇരുപത്തെട്ടാം വയസ്സിൽ ശകുന്തള എന്നേക്കുമായി വീടു് വിട്ടു. കല്ക്കത്തയിലെത്തിയ അവൾ ബംഗാളിയായ ഒരു ഐ. എ. എസ്സു. കാരനെ വിവാഹംചെയ്തു. എത്രയും നിർഭാഗ്യകരമായിരുന്നു ഈ വിവാഹം. അവൾ ആഗ്രഹിച്ച ഗൃഹാന്തരീക്ഷമോ, സുഖമോ, സ്നേഹമോ, അവൾക്കു് ഈ വിവാഹത്തിൽനിന്നു ലഭിച്ചില്ല. ഏഴു വർഷമേ അവളുടെ ദാമ്പത്യം നീണ്ടുനിന്നുള്ളു.

ആസ്ത്രേലിയയിലായിരിക്കെ 24–ാം വയസ്സിൽ ശകുന്തള ആത്മകഥാപരമായ ഒരു നോവലെഴുതി. 'ഒരു കപ്പനിറയെ കോപം' എന്ന ഈ നോവൽ ലണ്ടനിലെ ഒരു പുസ്തകക്കമ്പനി ഈയിടെ പ്രകാശനത്തിനു സ്വീകരിച്ചിട്ടുണ്ടു്.

കണക്കുശാസ്ത്രം, കുട്ടികൾക്കുള്ള ചെറുകഥകൾ, കൊലപാതകനോവൽ, സമലൈംഗികത—അങ്ങനെ പല ഇനത്തിലും കുറെയേറെ ഗ്രന്ഥങ്ങൾ ശകുന്തള രചിച്ചിട്ടുണ്ടു്. നിങ്ങൾ ആലോചിച്ചു കുഴങ്ങേണ്ട ചില പ്രഹേളികകൾ 'സംഖ്യകളെപ്പററി നിങ്ങൾ അറിയാനാഗ്രഹിച്ച കാര്യങ്ങൾ' മുതലായവയാണു് ശകുന്തളയുടെ പ്രസിദ്ധ പുസ്തകങ്ങൾ. എല്ലാം ഇംഗ്ലീഷിലാണു്. ആനുകാലികങ്ങളിൽ ധാരാളം ലേഖനങ്ങളും ശകുന്തള എഴുതാറുണ്ടു്. ഓർമശക്തി വളർത്താനും ഏകാഗ്രത കൈവരുത്താനുമുള്ള അഭ്യാസങ്ങൾ പഠിപ്പിക്കുന്ന വർക്ക്ഷോപ്പുകളും പല പട്ടണങ്ങളിലും ശകുന്തള നടത്തിയിട്ടുണ്ടു്.

ജീവിതത്തിലെ തിക്താനുഭവങ്ങൾ നിമിത്തം ഗണിതശാസ്ത്രത്തോടു് പ്രസാദാത്മകമായ ഒരു സമീപനം കൈക്കൊള്ളാൻ തനിക്കു കഴിഞ്ഞിട്ടില്ലെന്നു് ശകുന്തള പറയുന്നു. പ്രസിദ്ധി ശകുന്തളയ്ക്കു സന്തുഷ്ടി നൽകിയിട്ടില്ല.

'കണക്കു കൂട്ടുമ്പോഴും ഞാൻ കണക്കു കൂട്ടുന്നു. അല്ലാത്തപ്പോഴൊക്കെ ഞാനൊരു സാധാരണ, പാവം സ്ത്രീയാണ്.' എന്ന് ശകുന്തള തന്നെത്തന്നെ വിവരിക്കുന്നു. 'സംഖ്യകളുമായി നിങ്ങൾ സ്നേഹത്തിലാണ്, അല്ലേ?' എന്ന ചോദ്യത്തിന് ശകുന്തളാദേവി നൽകിയ മറുപടി ഇതാണ്: 'ആവോ! അറിഞ്ഞുകൂടാ. വ്യക്തമായി നിർവചിക്കപ്പെടാത്ത ഒരു കാര്യമാണത്. ഗണിതശാസ്ത്രം, എന്നെ സംബന്ധിച്ചിടത്തോളം തികച്ചും യാന്ത്രികം മാത്രമാണ്.'

(അവലംബം: ജൂൺ 3-ലെ സ്റ്റേറ്റ്സ്മാൻ പത്രത്തിലുള്ള ഒരു ലേഖനം)

(29 ജൂൺ, 1984)

# 62. ഉമേശ് ഹഡിമണി

കർണാടകസംസ്ഥാനത്തിലെ ബീജാപ്പൂർ ജില്ലയിലെ ഒരു ഗ്രാമമാണ് ബിജരഗ്ഗി. 1983-ാം വർഷത്തിന്റെ തുടക്കത്തിൽ ബിജരഗ്ഗിയിലെ പ്രാഥമികവിദ്യാലയത്തിൽ ഒരു പുതിയ കണക്കുമാസ്റ്റർ നിയമിക്കപ്പെട്ടു.

താൻ ജോലിയിൽ ചേർന്ന ആദ്യദിവസം ഈ അദ്ധ്യാപകൻ നാലാം ക്ലാസ്സിലെ കുട്ടികളോട്, അവർക്ക് ഏതെല്ലാം അക്കങ്ങളുടെ പെരുക്കപ്പട്ടിക (എണ്ണുവടി) അറിയാമെന്നു ചോദിച്ചു. കുട്ടികളുടെ നിലവാരം അറിഞ്ഞിട്ടുവേണമല്ലോ, ഏതു മുതൽ പഠിപ്പിച്ചു തുടങ്ങണമെന്നു തീരുമാനിക്കുവാൻ.

ക്ലാസ്സിന്റെ ഒരു മൂലയിൽ ഒതുങ്ങിയിരിക്കുകയായിരുന്ന 'ഉമേശ്' എന്ന, ഒമ്പതു വയസ്സായ പയ്യനോടും അദ്ധ്യാപകൻ ഇതേ ചോദ്യം ആവർത്തിച്ചു. കാഴ്ചയിൽ ഒരു പ്രത്യേകതയും ഇല്ലാതിരുന്ന ഉമേശ്, പക്ഷേ, അദ്ധ്യാപകനോട് ആ ചോദ്യം തിരിച്ചു ചോദിക്കുകയാണുണ്ടായത്. 'ഏതെല്ലാം അക്കങ്ങളുടെ പെരുക്കപ്പട്ടിക മാസ്റ്റർക്ക് അറിയാം?' ധിക്കാരമെന്നു പ്രഥമദൃഷ്ടിയിൽ തോന്നാവുന്ന ഈ ചോദ്യം, ശിഷ്യന്റെ അറിവിനെ ആഴത്തിൽ പരിശോധിക്കുവാൻ ഗുരുവിനെ പ്രേരിപ്പിച്ചു. അഞ്ച് അക്കംവരെയുള്ള (ഒരു ലക്ഷത്തിൽ താഴെയുള്ള) ഏതു സംഖ്യയുടെയും പെരുക്കപ്പട്ടിക ഒരു പ്രയാസവും കൂടാതെ, നിന്നനില്പിൽ, ഉമേശ് ചൊല്ലുന്നതു കേട്ട് അദ്ധ്യാപകൻ അമ്പരന്നുപോയി.

ഉമേശ് ഹഡിമണിയുടെ അത്ഭുതകരമായ ഗണിതപാടവത്തെപ്പററി അദ്ധ്യാപകൻ ഒരു കന്നഡപത്രത്തിൽ എഴുതി. കർണാടകസംസ്ഥാനത്തിലെ ചിത്രദുർഗജില്ലയിൽ സിരിഗെരെ എന്ന സ്ഥലത്തുള്ള ശ്രീതരളബലു ജഗദ്ഗുരു ബൃഹന്മഠത്തിലെ തലവനായ ഡോ. ശിവമൂർത്തി ശിവാചാര്യ മഹാസ്വാമിജിയുടെ ദൃഷ്ടിയിൽ ഈ വാർത്ത പെട്ടു. സ്വാമിജി ഈ അത്ഭുതബാലനെ സിരിഗെരെയിലേക്കു വരുത്തി. ദാവൻഗെരെ എന്ന സ്ഥലത്തുള്ള റസിഡൻഷ്യൽ സ്കൂളിൽ ചേർത്തു. കർണാടക ഗവണ്മെന്റ് ഉമേശ് ഹഡിമണിക്ക് ആണ്ടിൽ അയ്യായിരം രൂപാവീതം പ്രത്യേക സ്കോളർഷിപ്പ് അനുവദിച്ചു. പത്തു വർഷത്തേക്ക് ഈ സ്കോളർഷിപ്പ് ഉമേശിനു കിട്ടിക്കൊണ്ടിരിക്കും.

കണക്ക് ഒഴികെ മററ് എല്ലാ വിഷയങ്ങളിലും ഉമേശ് ഹഡിമണി ശരാശരി നിലവാരമേ പുലർത്തുന്നുള്ളൂ. എന്നാൽ, കണക്കിൽ ഉമേശിനു